(സി) പെരുങ്കടവിള മേഖലയിൽ നിന്നും 18.9415 ഹെക്ടർ സ്ഥലത്ത് ക്വാറീയിംഗ് ലീസിന്റെ അടിസ്ഥാനത്തിൽ 23695.403 ക്യൂബിക് മീറ്റർ പാറ (ഗ്രാഫൈറ്റ് ഡയമൻഷൻ സ്റ്റോൺ) വിവിധ കമ്പനികൾ ഖനനം ചെയ്തിട്ടുണ്ട്.

(ഡി) ഖനനാനുവാദം നൽകുമ്പോൾത്തന്നെ പരിസ്ഥിതിയ്ക്ക് കോട്ടം വരാത്തരീതിയിലായിരിക്കണമെന്ന് 1967-ലെ കെ. എം. എം. സി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾ ലംഘിക്കുന്നില്ലെന്ന് ഉറപ്പു വരുത്താറുണ്ട്. ഈ മേഖലയിൽ പരിസ്ഥിതിക്ക് കോട്ടം തട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രകൃതിക്ഷോഭത്തിൽ പള്ളിക്കുണ്ടായ നഷ്ടം പരിഹരിക്കാൻ നടപടി

177. [946] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ലെ കാലവർഷക്കാലത്ത് പ്രകൃതിക്ഷോഭം മൂലം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽപ്പെട്ട തലയാട് ആർ. സി. ചർച്ചിന്റെ സ്ഥലം ഉരുൾപൊട്ടൽ മൂലം ഒലിച്ചുപോയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു തുക നഷ്ടം വന്നിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) നഷ്ടപരിഹാരമായി എന്തെങ്കിലും ആനുകൂല്യം ഗവൺമെന്റിൽ നിന്നും ഇതിനകം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ത് സഹായമാണ് നൽകിയത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടറേറ്റിൽ നടന്ന ചർച്ചയിൽ പള്ളിയുടെ നഷ്ടം ഗവൺമെന്റ് പരിശോധിക്കുമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ഉറപ്പ് നൽകിയിരുന്നോ ;

(ഡി) എങ്കിൽ ഗവൺമെന്റിന്റെ ഉറപ്പ് പാലിക്കുന്നതിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പള്ളിക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചു വരുന്നു.

വരൾച്ച നേരിടുന്നതിന് അടിയന്തിര സഹായം

178. [947] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly